"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കൊല്ലം, ചിതറ എസ്.എൻ.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. (എൻ.എസ്) ശ്രീമതി. ശ്രീദേവി. എ.എസ്. - ന്റെ നിയമനം അംഗീകരിക്കുന്നതിനായി സ്കൂൾ മാനേജർ സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.3099/2026/GEDN തീയതി,തിരുവനന്തപുരം, 07-05-2026

---

പരാമർശം:-

1. കൊല്ലം, ചിതറ എസ്.എൻ.എച്ച്.എസ്.എസ്. ലെ ശ്രീമതി. ശ്രീദേവി. എ.എസ്. ന്റെ എച്ച്.എസ്.ടി. (എൻ.എസ്) തസ്തികയിൽ അംഗീകാരത്തിനായി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച 12/03/2025 തീയതിയിലെ പുന:പരിശോധന ഹർജി.
2. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15-05-2025 തീയതിയിലെ DEOPLR/597/2025-B4 നമ്പർ കത്ത് .
3. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 17-05-2025 തീയതിയിലെ DDEKLM/1615/2025-B6 നമ്പർ കത്ത്.
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 19-05-2025, 03-02-2026 തീയതികളിലെ ഇടി5/9588/2025/ഡി.ജി.ഇ നമ്പർ കത്തുകൾ .
5. സ.ഉ. (കൈ) നം.31/2026/GEDN തീയതി 18/02/2026

**ഉത്തരവ്**

ചിതറ എസ്.എൻ.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. (എൻ.എസ്) ആയ ശ്രീമതി. ശ്രീദേവി. എ.എസ്. നെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ പെറ്റീഷനിൽ 20.05.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തിരം വാദം കേട്ടു.

2.മാനേജരുടെ വാദം ഇപ്രകാരമാണ് :

ആനാട്, എസ്.എൻ.വി.എച്ച്.എസ്.എസ്.-ലെ യു.പി.എസ്.ടി. ആയിരുന്ന ശ്രീമതി.ഒ. അജിത-യെ പ്രൊമോഷൻ നൽകി 01.06.2023 മുതൽ വകയാർ എസ്.എൻ.വി.എൽ.പി.എസ്.-ൽ നിയമിച്ചതുവഴി ലഭ്യമായ ഒഴിവിൽ ശ്രീമതി. ശ്രീദേവി.എ.എസ്.-നെ യു.പി.എസ്.ടി. ആയി 01.06.2023 മുതൽ ആനാട്, എസ്.എൻ.വി.എച്ച്.എസ്.എസ്.-ൽ 35600-75400- ശമ്പള സ്കെയിലിൽ നിയമിച്ചിരുന്നു. ശ്രീമതി.ശ്രീദേവി.എ.എസ്.-നെ നിയമിച്ചത് ശമ്പളസ്കെയിലിൽ ആയിരുന്നുവെങ്കിലും നിയമനാംഗീകാരം ലഭിച്ചത് ദിവസവേതനാടിസ്ഥാനത്തിലാണ്. 08.11.2021-ന് ശേഷമുള്ള ഒഴിവ് ആയതിനാലാണ് ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ശ്രീമതി.ശ്രീ ദേവി.എ.എസ്.-ന്റെ 01.06.2023 മുതലുള്ള നിയമന അംഗീകാരം ദിവസവേതനാടിസ്ഥാനത്തിൽ

നൽകിയത്.

ആനാട്, എസ്.എൻ.വി.എച്ച്.എസ്.എസ്.-ൽ യു.പി.എസ്.ടി. തസ്തികയിൽ തുടരവെ ശ്രീമതി. ശ്രീദേവി.എ.എസ്.-നെ 07.07.2023 മുതൽ പ്രൊമോഷൻ നൽകി എച്ച്.എസ്.ടി. (എൻ.എസ്) ആയി 41300-87000 ശമ്പള സ്കെയിലിൽ ചിതറ, എസ്.എൻ.എച്ച്.എസ്.എസ്.-ൽ നിയമിച്ചു. ചിതറ എസ്.എൻ.എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.ടി. (എൻ.എസ്.) ആയിരുന്ന ശ്രീമതി.നിത്യാമോൾ.ജി.-യെ ബൈട്രാൻസ്ഫർ മുഖേന എച്ച്.എസ്.എസ്.ടി. ജൂനിയർ (ബോട്ടണി) ആയി അടിമാലി, എസ്.എൻ.ഡി.പി.വി.എച്ച്.എസ്.എസ്.-ൽ 07.07.2023- മുതൽ നിയമിച്ചതു വഴി ലഭ്യമായ ഒഴിവിലാണ് ശ്രീമതി.ശ്രീദേവി.എ.എസ്.-നെ എച്ച്.എസ്.ടി. (എൻ.എസ്.) ആയി 07.07.2023- മുതൽ നിയമിച്ചത്. ബൈട്രാൻസ്ഫർ മുഖേന എച്ച്.എസ്.എസ്.ടി.(ജൂനിയർ) ആയി നിയമിക്കപ്പെട്ട ശ്രീമതി. നിത്യാമോൾ.ജി.-യുടെ 07.07.2023 മുതലുള്ള നിയമനാംഗീകാരം ഹയർ സെക്കണ്ടറി വിഭാഗം കോട്ടയം മേഖലാ ഉപമേധാവിയുടെ 03.10.2024-ലെ RDDHSE/KTM/1385/2023-A3 ഉത്തരവ് പ്രകാരം അംഗീകരിച്ചു ലഭിക്കുകയും, ശ്രീമതി. ശ്രീദേവി.എ.എസ്. -നെ 07.07.2023 മുതൽ ചിതറ, എസ്.എൻ.എച്ച്.എസ്.എസ്.-ൽ നിയമിക്കപ്പെട്ട എച്ച്.എസ്. ടി. (എൻ.എസ്.) തസ്തികയിലെ ഒഴിവ് സ്ഥാപിതമാവുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി. ശ്രീദേവി.എ.എസ്.-ന്റെ 07.07.2023 മുതലുള്ള എച്ച്.എസ്.ടി.(എൻ.എസ്.) തസ്തികയിലെ നിയമന അംഗീകാരം നിരസിക്കുന്നതിന് ചട്ടപ്രകാരമുള്ള കാരണങ്ങൾ ഒന്നും നിലവിലില്ല. യു.പി.എസ്.ടി. തസ്തികയിലെ 01.06.2023 മുതലുള്ള നിയമനാംഗീകാരം ലഭിച്ചിട്ടുള്ളത് ദിവസവേതനാടിസ്ഥാനത്തിൽ ആയതിനാൽ, എച്ച്.എസ്.ടി. തസ്തികയിലേക്ക് പ്രൊമോഷൻ നിയമനം നടത്തുവാൻ പാടില്ലായെന്ന കാരണത്താലാണ് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനാംഗീകാരവും, കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ അപ്പീലും, പൊതുവിദ്യാഭ്യാസ ഡയറക്ടർ റിവിഷൻ പെറ്റീഷനും നിരസിച്ചത്. ശ്രീമതി. ശ്രീദേവി.എ.എസ്.-ന്റെ 01.06.2023 മുതലുള്ള നിയമനാംഗീകാരം ദിവസവേതനാടിസ്ഥാനത്തിൽ ലഭിച്ചതിനാൽ 07.07.2023- മുതലുള്ള എച്ച്.എസ്.ടി.(എൻ.എസ്.) തസ്തികയിലെ നിയമനവും ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകുവാൻ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് മാനേജർ വാദിച്ചു.

3.വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരുടെ പൊതുവായ വാദം താഴെ പറയും പ്രകാരമാണ് :

ചിതറ എസ്.എൻ.എച്ച്.എസ് സ്കൂളിലെ എച്ച്.എസ്.റ്റി (എൻ.എസ്) അധ്യാപികയായ ശ്രീമതി. നിത്യമോൾ.ജി-യെ 07/07/2023 തീയതി പ്രാബല്യത്തിൽ അടിമാലി എസ്.എൻ.ഡി.പി.വി.എച്ച്.എസ്.എസ്. സ്കൂളിലേക്ക് സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എസ്.റ്റി ബോട്ടണി ജൂനിയർ ആയി നിയമിച്ച ഒഴിവിൽ ആനാട് എസ്.എൻ.വി.എച്.എസ്.എസ് സ്കൂളിലെ യു.പി.എസ്.റ്റി. അധ്യാപികയായിരുന്ന ശ്രീമതി. ശ്രീദേവി.എ.എസ്-നെ 07/07/2023 തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം താഴെ പറയുന്നവ ഹാജരാക്കിയിട്ടില്ല എന്ന കാരണത്താൽ പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ച് നൽകി.

1) സേവനപുസ്തകം / സേവന പുസ്തകത്തിൻ്റെ 1 മുതൽ 4 വരെയുള്ള പേജുകളുടെ സ്വയം

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

2) ശ്രീമതി. നിത്യ മോൾ.ജി-യുടെ സ്ഥാനകയറ്റം അംഗീകരിച്ച ഉത്തരവിന്റെ പകർപ്പ്

3) ശ്രീമതി. ശ്രീദേവി.എ.എസ്-ന്റെ യു.പി.എസ്.റ്റി തസ്തികയിലെ നിയമനം അംഗീകരിച്ചതിന്റെ പകർപ്പ്.

ടി ഉത്തരവിനെതിരെ മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചു. ശ്രീമതി. നിത്യമോൾ.ജി.-യുടെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) തസ്തികയിലെ നിയമനം, ഹയർസെക്കണ്ടറി വിഭാഗം കോട്ടയം മേഖലാ ഉപഡയറക്ടറുടെ 03.10.2024-ലെ A3/1385/2023-ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകിയിട്ടുണ്ട്. ആയതിനാൽ ഒഴിവു വ്യവസ്ഥാപിതമാണ്. എന്നാൽ, ശ്രീമതി.ശ്രീദേവി.എ.എസ്-ന്റെ 01/06/2023 മുതലുള്ള യു.പി.എസ്.റ്റി നിയമനം കെ ഇ ആർ അദ്ധ്യായം XIV A ചട്ടം 7 പ്രകാരം അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടീയാരിയെ ചട്ടം 43 അവകാശിയായി പരിഗണിക്കുവാൻ കഴിയില്ല എന്നും ശ്രീമതി. ശ്രീദേവി.എ.എസ്-ന്റെ 07/07/2023 തീയതി പ്രാബല്യത്തിൽ ഉള്ള എച്ച് എസ് ടി (എൻ എസ്) നിയമനം പുതിയ നിയമനം ആയി നടത്താമായിരുന്നിട്ടും ആയത് ചെയ്യാതെ ആണ് ടിയാളെ മാനേജർ ചട്ടവിരുദ്ധമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചത് എന്നും ആയതിനാൽ യു.പി.എസ്.റ്റി. തസ്തികയിൽ അംഗീകാരമില്ലാതെ ശ്രീമതി. ശ്രീദേവി.എ.എസ്-ന്റെ ചട്ടവിരുദ്ധമായി നടത്തിയ സ്ഥാനക്കയറ്റ നിയമനം ക്രമപ്രകാരമല്ലാത്ത സാഹചര്യത്തിലുമാണ് ശ്രീമതി ശ്രീദേവി.എ.എസ്-ന്റെ 07/07/2023 മുതലുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കണം എന്ന അപ്പീൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറകർ നിരസിച്ചത് .

തുടർന്ന് മേൽ ഉത്തരവുകൾക്കെതിരെ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിവിഷൻ അപ്പീൽ നൽകി. യു.പി.എസ്.റ്റി. തസ്തികയിൽ അംഗീകാരമില്ലാതെ ശ്രീമതി. ശ്രീദേവി.എ.എസ് ന്റെ നടത്തിയ സ്ഥാനക്കയറ്റ നിയമനം ക്രമപ്രകാരമല്ല എന്ന കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കണ്ടെത്തൽ ശരിയാണ് എന്ന് പ്രസ്താവിച്ചു കൊണ്ട് റിവിഷൻ അപ്പീൽ നിരസിച്ചു നൽകി.

ശ്രീമതി.ശ്രീദേവി.എ.എസ്-ന്റെ യു.പി.എസ്.റ്റി തസ്തികയിലെ നിയമനം ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാത്തിൽ 24.12.2024 തീയതിയിലാണ് അംഗീകരിച്ച് നൽകിയിട്ടുള്ളത്. ദിവസ വേതനാടിസ്ഥാനത്തിൽ യൂ.പി.എസ്.ടി തസ്തികയിൽ സേവനമനുഷ്ഠിക്കുന്നയാളെ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നതിന് നിലവിൽ ചട്ടങ്ങൾ ഇല്ല. ദിവസ വേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചതിനാൽ ശ്രീമതി ശ്രീദേവി.എ.എസ്-നെ ചട്ടം 43 അവകാശിയായി പരിഗണിക്കുവാൻ കഴിയില്ല. മേൽ സാഹചര്യത്തിൽ മാനേജരുടെ റിവിഷൻ ഹർജി പരിഗണനാർഹമല്ല എന്ന് പൊതു വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു.

4. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

ആനാട് എസ്.എൻ.വി.എച്ച്.എസ്. ൽ യു.പി.എസ്.റ്റി. ആയിരുന്ന ശ്രീമതി. അജിതയെ 01.06.2023 ന് വകയാർ എസ്.എൻ.വി.എച്ച്.എസ്.എസ്. ൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ

01.06.2023 ന് ശ്രീമതി. ശ്രീദേവി.എ.എസ്. നെ യു.പി.എസ്.റ്റി. ആയി നിയമിച്ചു. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24.12.2024 ലെ ഉത്തരവ് നമ്പർ ബി5/755761/2024 പ്രകാരം ശ്രീമതി. ശ്രീദേവി.എ.എസ്. ന്റെ 01.06.2023 മുതലുള്ള യു.പി.എസ്.ടി. നിയമനം ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ പരിമിതപ്പെടുത്തി ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ടിയാളെ 07.07.2023 മുതൽ എച്ച്.എസ്.ടി.(എൻ.എസ്) ന്റെ സീനിയർ മോസ്റ്റ് ചട്ടം 43 അവകാശി എന്ന നിലയിൽ സ്ഥാനക്കയറ്റം നൽകി ചിതറ എസ്.എൻ.എച്ച്.എസ്. ൽ ശ്രീമതി. നിത്യമോൾ.ജി-യെ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ആയി ബൈട്രാൻസ്ഫർ സ്ഥാനക്കയറ്റ ഒഴിവിൽ നിയമിച്ചു.

ഒഴിവ് വ്യവസ്ഥാപിതമാണെങ്കിലും ശ്രീമതി. ശ്രീദേവി.എ.എസ് ന്റെ 01.06.2023 തീയതി പ്രാബല്യത്തിൽ ഉള്ള യു.പി.എസ്.ടി. നിയമനം KER Chapter XIV A ചട്ടം 7 പ്രകാരം അംഗീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടിയാരിയെ ചട്ടം 43 അവകാശിയായി പരിഗണിക്കാൻ കഴിയില്ലെന്നും യു.പി.എസ്.റ്റി. തസ്തികയിൽ അംഗീകാരമില്ലാതെ ശ്രീമതി. ശ്രീദേവി.എസ്.എസ്. ന്റെ 07.07.2023 മുതലുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാൻ കഴിയില്ല എന്നതുമാണ് പൊതു വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ വാദം.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30.11.2024 ലെ ഡി.ജി.ഇ/15133/2023(1) എച്ച്.2/part(1) നമ്പർ സർക്കുലർ പ്രകാരം പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ അതാത് മാനേജ്മെൻ്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ച് പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാകുന്നതെങ്കിൽ അവർക്ക് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും ടി തസ്തികയിലെ ശമ്പളവും അനുവദിക്കുവാനും നിർദ്ദേശം നൽകിയിരുന്നു.

ഈ സാഹചര്യത്തിൽ പ്രൊവിഷണലായി നിയമനം അംഗീകരിക്കപ്പെട്ട് തുടർന്നു വരുന്ന ശ്രീമതി. ശ്രീദേവി.എ.എസ് -നെ 30.11.2024 ലെ 15133/2023(1)-എച്ച്.2-Part2-Part(1) സർക്കുലർ, JR.1/304/2024/പൊ.വി.വ. തീയതി 10.09.2024 എന്നിവ പ്രകാരം ശ്രീമതി.ശ്രീദേവി.എ.എസ്. നെ ചട്ടം 43 അവകാശിയായി കണക്കാക്കി എച്ച്.എസ്.ടി. യുടെ റഗുലർ ശമ്പള സ്കെയിലിൽ 07.07.2023 മുതൽ എച്ച്.എസ്.ടി. (എൻ.എസ്) ആയി അംഗീകരിക്കാൻ കഴിയുമോ എന്നത് സർക്കാർ പരിശോധിച്ചു .

No. JR1/578/2024/GEDN dt 22/05/2025 നം. കത്ത് പ്രകാരം ഭിന്നശേഷി സംവരണ നിയമവുമായി ബന്ധപ്പെട്ട 8.11.2021 തീയതിയ്ക്ക് ശേഷമുള്ള ഒഴിവുകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ/അതത് മാനേജ്മെന്റിൽ വ്യവസ്ഥാപിതമായ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ ദിവസവേതന അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചവരാണ് സ്ഥാനക്കയറ്റത്തിന് അർഹരാകുന്നതെങ്കിൽ, അവരെ ഉയർന്ന തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുവാനും ഇതിനോടകം അപ്രകാരം നിയമിക്കപ്പെട്ടവർക്ക് അംഗീകാരം നൽകുന്നതിനും പരിണത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഒഴിവ് വരുന്ന തീയതി പരിഗണിച്ച്

നിയമനാംഗീകാരം നൽകാനും അനുമതി നൽകുന്നു. ഭിന്നശേഷി സംവരണ നിയമ പ്രകാരം ആവശ്യമായ ഒഴിവുകൾ ഭിന്നശേഷി നിയമനത്തിന് മാറ്റി വെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ മാത്രമേ ഇത്തരത്തിൽ അംഗീകാരം നൽകേണ്ടതുള്ളുവെന്നും അറിയിക്കുന്നു എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ശ്രീദേവി.എ.എസ്.-ന്റെ 01.06.2023 മുതലുള്ള UPST നിയമനാംഗീകാരം ദിവസവേതനാടിസ്ഥാനത്തിൽ ലഭിച്ചതിനാൽ, സ്ഥാനക്കയറ്റത്തിന് അർഹതയുള്ള പക്ഷം, 07.07.2023- മുതലുള്ള എച്ച്.എസ്.ടി.(എൻ.എസ്.) തസ്തികയിലെ നിയമനവും ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകാവുന്നതാണ് എന്നു കാണുന്നു.എന്നാൽ ടി കത്തിൽ പരാമർശിച്ച പ്രകാരം ഭിന്നശേഷി സംവരണ നിയമപ്രകാരം മാനേജ്മെന്റ് ആവശ്യമായ ഒഴിവുകൾ ഭിന്നശേഷി സംവരണ നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ശ്രീദേവി.എ.എസ്.-ന്റെ 01.06.2023 മുതലുള്ള UPST നിയമനാംഗീകാരം ദിവസവേതനാടിസ്ഥാനത്തിൽ ലഭിച്ചതിനാൽ, സ്ഥാനക്കയറ്റത്തിന് അർഹതയുള്ള പക്ഷം, 07.07.2023- മുതലുള്ള എച്ച്.എസ്.ടി.(എൻ.എസ്.) തസ്തികയിലെ നിയമനവും ദിവസ വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു നൽകാവുന്നതാണ്. എസ്.എൻ.ഡി.പി യോഗം സ്കൂൾസ് മാനേജ്മെൻ്റിൽ കാറ്റഗറി '2' ഹൈസ്കൂൾ വിഭാഗത്തിനായി വിട്ടുകൊടുത്തിട്ടുള്ള "2" ഒഴിവുകളിൽ ഒന്നിൽ എമ്പ്ലോയ്മെൻറിൽ നിന്നും ലഭ്യമായ ലിസ്റ്റിൽ നിന്നും നിയമനം നടത്തുകയും ആയതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസറുടെ അംഗീകാരം ലഭ്യമായതായും മാനേജർ അറിയിച്ചിരിക്കുന്നു. ഇനിയും ബാക്കി നിൽക്കുന്ന ഒരു ഒഴിവിലേക്ക് ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭ്യമാകുന്ന മുറയ്ക്ക് നിയമിക്കുന്നതാണെന്നും മാനേജർ അറിയിച്ചിട്ടുണ്ടെന്നും നിലവിൽ സമന്വയ ആർ.പി.ഡബ്ലിയു ഡി റോസ്റ്റർ ഡാറ്റ കളക്ഷൻ റിപ്പോർട്ട് പ്രകാരം ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി കാറ്റഗറി-'2' ഹൈസ്കൂൾ വിഭാഗത്തിനായി ടി മാനേജ്മെന്റ് '2' ഒഴിവുകൾ വിട്ടു കൊടുക്കേണ്ടതും എംപ്ലോയ്മെന്റിലേക്ക് മാനേജർ "2" ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ബാക് ലോഗ് നിയമനത്തിന് എംപ്ലോയ്മെൻറിൽ റിപ്പോർട്ട് ചെയ്യുവാൻ കുടിശ്ശികയായി നിലനിൽക്കുന്ന ഒഴിവ് "0" ആയിട്ടുള്ളതായും കാണുന്നു എന്നും JR1/578/2024/GEDN തീയതി 22/05/2025 സർക്കാർ കത്ത് പ്രകാരം ഭിന്നശേഷി സംവരണ നിയമപ്രകാരം നിയമനത്തിനായി ടി മാനേജ്മെന്റ് ആവശ്യമായ ഒഴിവുകൾ മാറ്റി വച്ചിട്ടുണ്ട് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന ഹർജികളിൽ അന്തിമ വിധിയ്ക്ക് വിധേയമായി പരാമർശം (5) ലെ ഉത്തരവിലെ ഖണ്ഡിക 8(A) പ്രകാരം താഴെ പറയുന്ന നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്,

"എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ/ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്ക് വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്കു നിർദ്ദേശം നൽകുന്നു."

പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 8 (B) "പ്രകാരം ഭിന്നശേഷി നിയമനത്തിനായി ആവശ്യമായ തസ്തികകൾ നീക്കിവെച്ചിട്ടുള്ള എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് കൂടി എൻ.എസ്.എസ്സിന് ലഭിച്ച വിധിന്യായത്തിന്റെ ആനുകൂല്യം ബാധകമാക്കുന്നതിന് അനുമതി തേടുന്നതിനായി സർക്കാർ ബഹു. സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്യുവെങ്കിലും എസ്.എൽ.പി (സി) 9566/2023 & അനുബന്ധ കേസുകളിൽ ഹർജിക്കാരായ 442 നിലവിൽ റഗുലറൈസ് ചെയ്യുന്നത് കോടതിയലക്ഷ്യത്തിന് തുല്യമായിരിക്കും എന്നതിനാൽ അവരുടെ നിയമന ക്രമീകരണ നടപടികൾ മേൽ ഹർജികളിൽ അന്തിമ വിധി വന്നതിന് ശേഷം മാത്രമേ സ്വീകരിക്കാൻ കഴിയുകയുള്ളു .

മേൽ സാഹചര്യത്തിൽ പരാമർശം (5) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ നീക്കിവെച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി ശ്രീദേവി.എ.എസ്. സ്ഥാനക്കയറ്റത്തിന് അർഹതയുള്ള പക്ഷം, 07.07.2023- മുതലുള്ള എച്ച്.എസ്.ടി.(എൻ.എസ്.) തസ്തികയിലെ നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിച്ച് അംഗീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ - ക്ക് നിർദേശം നൽകി അപ്രകാരം ചിതറ എസ്.എൻ.എച്ച്.എസ്.എസ്. ലെ എച്ച്.എസ്.ടി. (എൻ.എസ്) ആയ ശ്രീമതി. ശ്രീദേവി. എ.എസ്. ന്റെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ മാനേജർ പരാമർശം (1) പ്രകാരം സമർപ്പിച്ച പുന:പരിശോധന ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എസ്.എൻ.എച്ച്.എസ്.എസ് . , ചിതറ , കൊല്ലം
ശ്രീമതി. ശ്രീദേവി. എ.എസ്., എച്ച്.എസ്.ടി. (എൻ.എസ്), എസ്.എൻ.എച്ച്.എസ്.എസ്. , ചിതറ , കൊല്ലം
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/360/2025-G.EDN തീയതി: 28/10/2025 )
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 07-05-2026 15:02:25